## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6058** **02.04.2018-ൽ മറുപടിയ്ക്ക്**

**<u>ലോട്ടറി മേഖലയിലെ പരിഷ്കാരങ്ങൾ</u>**

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>,, കെ.സി.ജോസഫ്<br>,, കെ.മുരളീധരൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലോട്ടറി മേഖലയിൽ കൂടുതൽ പരിഷ്കാരങ്ങൾ എന്തെങ്കിലും നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ; കാരുണ്യ ലോട്ടറിയുടെ ടിക്കറ്റ് ഘടനയിലും സമ്മാനത്തുകയിലും പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ലോട്ടറി മേഖലയിൽ ഈ സർക്കാർ വരുത്തിയ പരിഷ്കാരങ്ങൾമൂലം സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാനത്തിൽ എന്ത് വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്നറിയിക്കാമോ; അതിന് അനുസൃതമായ ആനുകൂല്യങ്ങൾ ലോട്ടറി വിൽപ്പനക്കാർക്ക് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ടിക്കറ്റുകളുടെ വില കുറച്ചും സമ്മാനഘടനയിൽ മാറ്റം വരുത്തുകയും ചെയ്തതിന്റെ ഫലമായി വിറ്റുവരവിൽ പുരോഗതിയുണ്ടായിട്ടുണ്ട്. 2017 മേയ് മാസത്തിൽ 684.87 കോടി രൂപയായിരുന്ന ഭാഗ്യക്കുറി വിറ്റുവരവ് 2017 ജൂണിൽ നടപ്പിലാക്കിയ സമ്മാന ഘടന പരിഷ്കരണം, ടിക്കറ്റുകളുടെ മുഖവില കുറച്ചുകൊണ്ടുള്ള വില ഏകീകരണം എന്നിവയെ തുടർന്ന് 707.81 കോടി രൂപയായി വർദ്ധിച്ചിരുന്നു. കൂടാതെ ജൂലൈ മാസത്തിൽ 743.36 കോടി രൂപയായി വർദ്ധിക്കുകയും തുടർന്നുള്ള മാസങ്ങളിലെ വരുമാനത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.<br>നിലവിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളും 96 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. കൂടുതൽ ടിക്കറ്റുകൾ അച്ചടിക്കുന്നതുവഴി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും കൂടുതൽ ടിക്കറ്റുകൾ വിൽപ്പനക്കായി ലഭ്യമാവുകയും തൻമൂലം കൂടുതൽ വരുമാനം ലഭിക്കുകയും ചെയ്യുന്നുണ്ട്. വിറ്റുവരവിൽ ഉണ്ടായിട്ടുള്ള ഗണ്യമായ വർദ്ധനവു മൂലം ഡിസ്കൗണ്ട് ഇനത്തിൽ ലഭ്യമാകുന്ന തുക പലമടങ്ങ് ഉയരുകയാണ് ചെയ്തിട്ടുള്ളത്. സംസ്ഥാന |

| | | | |
|---|---|---|---|
| | | | ഭാഗ്യക്കുറിയുടെ വില്പനയ്ക്ക് അനുസൃതമായ നേട്ടം ഏജന്റുമാർക്കും വില്പനക്കാർക്കും ലഭിയ്ക്കുന്നുണ്ട്. |
| (സി) | ലോട്ടറി അച്ചടിയിലെ സുരക്ഷയ്ക്ക് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും അതു വഴി വ്യാജ ലോട്ടറിക്കാരെ ഒഴിവാക്കുന്നതിനും സഹായിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ; | (സി) | ലോട്ടറി അച്ചടിയിലെ സുരക്ഷക്കായി സ്വീകരിച്ചിട്ടുള്ള 7 സുരക്ഷാ സംവിധാനങ്ങളായ മൈക്രോ ലെറ്റേഴ്സ് പാറ്റേൺ, ഗില്ലോച്ചി പാറ്റേൺ, ഒപാക്ക് ടെക്സ്റ്റ് പാറ്റേൺ, റിലീഫ് പാറ്റേൺ, വോയ്ഡ് പാന്റോഗ്രാഫ് പാറ്റേൺ, ഇൻവെർട്ട് മൈക്രോലൈൻ പാറ്റേൺ, ലീനിയർ ബാർകോഡ് എന്നിവ ഉൾപ്പെടുത്തിയതിനെ തുടർന്ന് വ്യാജ ലോട്ടറി പ്രചാരണം തടയാൻ സാധിച്ചിട്ടുണ്ട്. ടിക്കറ്റിന്റെ കളർ കോപ്പി എടുത്ത് കബളിപ്പിക്കാൻ ശ്രമിക്കുന്നവർക്കിടയിൽ സെക്യൂരിറ്റി മാനദണ്ഡങ്ങളെ മറികടക്കാൻ സാധിക്കുന്നില്ല എന്ന കാരണത്താൽ അത്തരം കേസുകൾ ഇപ്പോൾ റിപ്പോർട്ട് ചെയ്യുന്നില്ല. ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടിയിൽ സുരക്ഷാ സംവിധാനങ്ങളുടെ നിലവാരം വിലയിരുത്തുന്നതിനും കാലോചിതമായ വ്യതിയാനങ്ങൾ വരുത്തി ഫീച്ചേഴ്സ് ശക്തിപ്പെടുത്തുന്നതിനുമായി ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | 2017-18 ൽ വ്യാജലോട്ടറിയുമായി ബന്ധപ്പെട്ട കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ഡി) | 2017-18-ൽ വ്യാജ ലോട്ടറിയുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിലായി 116 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഇ) | നിർമൽ ലോട്ടറിയിൽ നിന്നും 2017-18 വർഷം ലഭിച്ച വരുമാനം എത്രയാണ്; പ്രസ്തുത വരുമാനം എന്ത് കാര്യത്തിനായാണ് വിനിയോഗിക്കുന്നത് ; ശുചിത്വ മിഷന് ഇതിൽ നിന്നുള്ള വരുമാനത്തിൽ നിന്നും എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ? | (ഇ) | നിർമൽ ഭാഗ്യക്കുറിയിൽ നിന്നും 2017-18 സാമ്പത്തിക വർഷം (ഫെബ്രുവരി 28 വരെ) ലഭിച്ച വരുമാനം (മൊത്തം വിറ്റുവരവ്) 1073.52 കോടി രൂപയാണ്. ലോട്ടറിയുടെ വിറ്റുവരവ് സംസ്ഥാന സഞ്ചിത നിധിയിലേയ്ക്ക് അടയ്ക്കുകയും ചെലവുകൾക്ക് അതിനായി പണം വകയിരുത്തിയിരിക്കുന്ന കണക്ക് ശീർഷകത്തിൽ നിന്ന് പണം പിൻവലിച്ച് നല്കുകയുമാണ് ചെയ്യുന്നത്. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമം അനുസരിച്ച് ലോട്ടറി വിറ്റുവരവ് പൂർണ്ണമായും ട്രഷറിയിൽ അടയ്ക്കുകയും ചെലവുകൾക്ക് പ്രത്യേക ബഡ്ജറ്റ് കണക്കിൽ നിന്ന് പണം കണ്ടെത്തുകയും ചെയ്യണം. ശുചിത്വ മിഷന് 2017-18 സാമ്പത്തിക വർഷം തുകയൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ